# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1088** **12-06-2024 - ൽ മറുപടിയ്ക്ക്**

### വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജലനിധി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ചേലേമ്പ്ര പഞ്ചായത്തിന്റെ ജലക്ഷാമം പരിഹരിക്കുന്നതിനായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കിൻഫ്ര പാർക്കിൽനിന്നും നടപ്പാക്കുന്ന ജലനിധി പദ്ധതി മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സെസ് ഒഴിവാക്കിയ നടപടിക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല 2.3.2022 തീയതിയിലുള്ള സ.ഉ.(സാധാ) നം. 152/2022/ജവിവ നമ്പർ ഉത്തരവ് പ്രകാരം ചേലേമ്പ്ര കുടിവെള്ള പദ്ധതിയ്ക്കായി കിൻഫ്ര നൽകുന്ന ജലത്തിന് ഈടാക്കിയിരുന്ന കിലോ ലിറ്ററിന് 2 രൂപ നിരക്കിലുള്ള സെസ്സ് ഒഴിവാക്കിക്കൊണ്ട് 5 രൂപ നിരക്കിൽ ജലനിധി ജലം നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ സെസ്സ് ഒഴിവാക്കിയ നടപടിക്ക് മുൻകാല പ്രാബല്യം നൽകിയിട്ടില്ല |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിൽനിന്നും വാട്ടർ അതോറിറ്റിക്ക് നൽകിയ കത്തിന്മേൽ മറുപടി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | ഉണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൻ കിൻഫ്രയുമായി ബന്ധപ്പെട്ട് പ്രസ്തുത വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ